(ബി) മുകളിൽ (എ) യിലെ ക്രമനമ്പർ 3 മുതലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ക്രമ നമ്പർ 1, 2 എന്നിവ നികത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

വകുപ്പിലെ വർക്സ് മാനേജർ തസ്തികയിൽ വകുപ്പിലെ ഫോർമാനെ താൽക്കാലികമായി സ്ഥാനക്കയറ്റം വഴി നിയമിച്ചിട്ടുണ്ട്. ടി ഫോർമാന് മെക്കാനിക്കൽ എൻജിനീയറുടെ ചുമതല കൂടി നൽകിയിരിക്കുകയാണ്.

റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനായി അനുവദിച്ച തുക

192 (789) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ റോഡുകളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കാനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിരുന്നത് ;

(ബി) ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം ഇത്തരത്തിൽ അനുവദിച്ച തുക ലാപ്സാകാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ ഈ വർഷം കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 30.45 കോടി രൂപയുടെയും, IRQP-യിൽ ഉൾപ്പെടുത്തി 126.70 കോടി രൂപയുടെയും പദ്ധതികൾക്ക് അനുമതി നല്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ് ;

(സി) തുക ലാപ്സാകാൻ സാധ്യതയില്ല.

സംസ്ഥാന പാതകൾ ദേശീയപാതകളാക്കുന്ന നടപടി

193 (790) ശ്രീമതി പി. അയിഷാപോറ്റി :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനപാതകൾ ദേശീയപാതകളാക്കുന്നതിനായി കേന്ദ്രസർക്കാരിന്, നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സംസ്ഥാന പാതകളാണ് ദേശീയപാതകളാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത് ;

(സി) ഈ പാതകൾ ഓരോന്നിന്റേയും വിശദാംശം നൽകുമോ ;

(ഡി) പുതിയ ദേശീയ പാതകൾ എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി)

1. തിരുവനന്തപുരം- നെടുമങ്ങാട് - ചുള്ളിമാനൂർ- മടത്തറ - കുളത്തൂപ്പുഴ - തെന്മല - പുനലൂർ - പത്തനാപുരം -റാന്നി - പ്ലാച്ചേരി - മണിമല - പൊൻകുന്നം - പാലാ -തൊടുപുഴ - മൂവാറ്റുപുഴ (246 കി.മീ)

2. ചാലക്കുടി-അതിരപ്പിള്ളി-വാഴച്ചാൽ - പെരിങ്ങൽകുത്ത്- പൊള്ളാച്ചി (70 കി.മീ)

3. കൊടുങ്ങല്ലൂർ - ഇരിങ്ങാലക്കുട - തൃശൂർ - വടക്കാഞ്ചേരി- ചെറുതുരുത്തി- ഷൊർണൂർ - പട്ടാമ്പി - പെരിന്തൽമണ്ണ - മേലാറ്റൂർ- പട്ടിക്കാട് - പാണ്ടിക്കാട് - വണ്ടൂർ - വടപുരം - കാളികാവ് - നിലമ്പൂർ- ഗൂഡല്ലൂർ (181 കി.മീ)

4. കോഴിക്കോട് - ചെറുപ്പ്- ഊരാക്കടവ് - അരീക്കോട് - ഇടവണ്ണ- നിലമ്പൂർ - നാടുകാണി - ഗുഡല്ലൂർ - ഊട്ടി (60 കി.മീ)

5. വടകര - നാദാപുരം - കുറ്റ്യാടി - തൊട്ടിൽപാലം- വക്രംതാലം - തരുവണ - നാലാം മൈൽ - മാനന്തവാടി - കാട്ടിക്കുളം- ബാവേലി - മൈസൂർ (90 കി.മീ)

6. തലശ്ശേരി - കൂത്തുപറമ്പ് - കണ്ണവം - നെടുമ്പോയിൽ- മാനന്തവാടി - പനമരം - സുൽത്താൻബത്തേരി (124കി.മീ)

7. തലശ്ശേരി - കൂത്തുപറമ്പ് - മട്ടന്നൂർ - ഇരിട്ടി - കുട്ടപ്പുഴ- വിരാജ്പേട്ട - ഗോനികൊപ്പം - ഹുൺസൂർ - മൈസൂർ (കേരളത്തിനകത്ത് - 54 കി.മീ)

(ഡി) ദേശീയപാതയായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡ പ്രകാരം കുറഞ്ഞപക്ഷം 30 മീറ്റർ എങ്കിലും വീതി ഉണ്ടായിരിക്കേണ്ടതാണ്.

(ഇ) വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 50,000 കി.മീ സംസ്ഥാന റോഡുകൾ ദേശീയപാതയാക്കുവാനുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രമന്ത്രാലയത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകം ലഭിച്ചിരിക്കുന്നതെന്നും ആയത് റോഡിന്റെ അടിയന്തര സ്വഭാവം, ഫണ്ടിന്റെ ലഭ്യത മറ്റ് മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമത്തിലാണ് അനുവദിച്ചു നൽകുന്നതെന്നും കേരളത്തിന്റെ ആവശ്യം കൂടുതൽ ദേശീയ പാതകൾ അനുവദിക്കുന്ന സമയത്ത് മറ്റു സംസ്ഥാന സർക്കാരുകളുടെ ആവശ്യത്തിനൊപ്പം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി അറിയിച്ചിരിക്കുന്നു.

വികസന പദ്ധതികളുടെ ധനകാര്യപരിശോധനാ വിഭാഗത്തിന്റെ പരിശോധന

194 (791) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. എ. ഷുക്കൂർ
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തിവന്നിരുന്ന വികസന പദ്ധതികൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നുവോ ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇത്തരത്തിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിഗണനയ്ക്ക് അയച്ചിരുന്നത് ;

(സി) സംസ്ഥാനത്തെ റോഡ്, പാലം, എന്നിവയുടെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുമൂലം വൈകിയത് ;

(ഡി) ആകെ എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇത്തരത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നത് ;

(ഇ) ഇവയിൽ ഇനിയും പരിശോധന പൂർത്തിയാക്കാൻ എന്തൊക്കെ പദ്ധതികളാണുള്ളത് ?

ഉത്തരം

(എ-ഇ) പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി നടത്തിവരുന്ന വികസന പദ്ധതികളെക്കുറിച്ച് ധനകാര്യ പരിശോധനാ വിഭാഗത്തോട് കൂടുതൽ പരിശോധന നടത്താൻ ആവശ്യപ്പെട്ടിട്ടില്ല.

തിരക്കേറിയ വീഥികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

195 (792) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരക്കേറിയ പൊതുവീഥികളിൽ അശാസ്ത്രീയവും നിയമവിരുദ്ധവുമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജനത്തിന്

LIBRARY ARCHIVES Kerala Legislative Assembly